# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 183 — 28.01.2019 ൽ മറുപടിക്ക്

## പോലീസുകാർക്കെതിരെയുള്ള ആക്രമണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ക്രമസമാധാനപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന പോലീസ് ഉദ്യോഗസ്ഥർ വ്യാപകമായി ആക്രമിക്കപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കുറ്റക്കാർക്കെതിരെ എന്തൊക്കെ നിയമനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം അക്രമകാരികൾക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് കർശന നിയമനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ ട്രാഫിക് ഡ്യൂട്ടിയിൽ ഏർപ്പെട്ടിരുന്ന പോലീസ് ഉദ്യോഗസ്ഥരെ ക്രൂരമായി മർദ്ദിച്ച എസ്.എഫ്.ഐ. പ്രവർത്തകരിൽ എത്ര പേരെ അറസ്റ്റ് ചെയ്തുവെന്നും ഇനി എത്ര പേർ അറസ്റ്റിലാകാനുണ്ടെന്നുമുള്ള കാര്യം വ്യക്തമാക്കാമോ; | (ബി) എല്ലാപേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (സി) അറസ്റ്റ് ചെയ്തിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ